**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4436 — 13.11.2019-ൽ മറുപടിക്ക്

**കോതമംഗലം കുട്ടമ്പുഴയിലെ ആദിവാസി കുടുംബങ്ങൾക്ക് വനാവകാശ രേഖ**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ ആദിവാസി കോളനികളിൽ താമസിക്കുന്ന എത്ര കുടുംബങ്ങൾക്ക് വനാവകാശ രേഖ ലഭ്യമാക്കിയിട്ടുണ്ടെന്നും ഇനി എത്ര കുടുംബങ്ങൾക്ക് വനാവകാശ രേഖ ലഭ്യമാക്കുവാനുണ്ടെന്നും കോളനി തിരിച്ച് വ്യക്തമാക്കാമോ; | എ) | കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ ആദിവാസി കോളനികളിൽ ജില്ലാസമിതി പാസ്സാക്കിയ 1105 അപേക്ഷകളിൽ 1061 പേർക്ക് വനാവകാശരേഖ വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 44 പേരുടെ വനാവകാശ രേഖകൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇനി വനാവകാശ രേഖ ലഭ്യമാക്കുവാനുള്ള കുടുംബങ്ങളുടെ കോളനി തിരിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| ബി) | ഇവർക്ക് വനാവകാശ രേഖ കൈമാറുന്നതിന് തടസ്സമെന്താണെന്നും വനാവകാശ രേഖകൾ കൈമാറുവാൻ എന്ന് സാധിക്കും എന്നും വ്യക്തമാക്കാമോ; | ബി) | ജില്ലാ സമിതി പാസാക്കിയതിൽ വിതരണം ചെയ്യാനുള്ള 44 പേർക്ക് വനാവകാശ രേഖ ഉടൻ വിതരണം ചെയ്യുന്നതിനുള്ള നടപടി നടന്നുവരുന്നു. കൈവശാവകാശരേഖ തയ്യാറാക്കുന്ന വെബ് സൈറ്റ് തകരാറിലായതിനാൽ മാന്വലായി കൈവശരേഖ തയ്യാറാക്കി നൽകുന്നതിനുള്ള നിർദ്ദേശം നൽകുകയും തുടർനടപടി സ്വീകരിച്ചു വരികയുമാണ്. |
| സി) | മണ്ഡലത്തിലെ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും വനാവകാശരേഖ ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | സി) | കോതമംഗലം മണ്ഡലത്തിലെ അർഹരായ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും വനാവകാശരേഖ ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുന്നതാണ്. 2005 ഡിസംബർ 13-ന് മുമ്പ് വനഭൂമി കൈവശം വച്ചിട്ടുള്ളവർക്ക് നിയമാനുസൃതം വനാവകാശരേഖ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**